2025
NOVEMBER
07
FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




## ധ്രുവപ്രദേശങ്ങളിൽ

# നാലിരട്ടി വേഗത്തിൽ ചൂട് കൂടുന്നു




**കൊച്ചി:** ധ്രുവപ്രദേശങ്ങൾ ആഗോള ശരാശരിയേക്കാൾ നാലിരട്ടി വേഗത്തിൽ ചൂടുപിടിക്കുകയാണെന്ന മുന്നറിയിപ്പുമായി മറൈൻ ശാസ്ത്രജ്ഞർ കൊച്ചിയിൽ നടക്കുന്ന ആഗോള മറൈൻ സിംപോസിയം. സിംപോസിയത്തിലാണ് ഇത് സംബന്ധിച്ച് ശാസ്ത്രജ്ഞർ മുന്നറിയിപ്പ് നൽകിയത്. അതിവേഗത്തിൽ ചൂട് വർധിക്കുന്നത് സമുദ്ര ആവാസവ്യവസ്ഥയിൽ വിവിധ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്നും ശാസ്ത്രജ്ഞർ പറഞ്ഞു. കടലിലെ മഞ്ഞുരുകൽ ധ്രുവമേഖലയിലെ മാത്രം ആശങ്കയല്ലെന്നും അത് ആഗോള പ്രശ്നമാണെന്നും നാഷണൽ സെന്റർ ഫോർ പോളാർ ആന്റ് ഓഷ്യൻ റിസർച്ച് ഡയറക്ടർ ഡോ. തമ്പാൻ മേലോത്ത് പറഞ്ഞു.

ധ്രുവ മഞ്ഞുപാളികൾ ഇല്ലാതാകുന്നത് സമുദ്രജലനിരപ്പ് ഉയരുന്നതിന് കാരണമാകും. ഇത് ഉഷ്ണമേഖലാ തീരങ്ങളെ നേരിട്ട് ബാധിക്കുകയും അറബിക്കടലിലെ ചുഴലിക്കാറ്റ് രൂപപ്പെടുന്നത് ശക്തിപ്പെടുത്തുകയും ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു. സമുദ്ര സമ്പത്തിന്റെ സുസ്ഥിരമായ ഉപയോഗം ഉറപ്പാക്കുന്നതിന് ആവാസവ്യവസ്ഥ അധിഷ്ഠിത മാനേജ്മെന്റ് രീതികൾക്ക് പ്രാമുഖ്യം നൽകണമെന്ന് ആഗോള മറൈൻ സിംപോസിയം ആവശ്യപ്പെട്ടു. ഇന്ത്യയുടെ ബ്ലൂ ഇക്കോണമി ശകതിപ്പെട്ടുത്തുന്നതിനുള്ള നിർദേശങ്ങളും സമ്മേളനം മുന്നോട്ടുവെച്ചു. വനിതാ ശാക്തീകരണം, സ്റ്റാർട്ടപ് പ്രോത്സാഹനം, കടൽ മത്സ്യക്കൃഷി വികസനത്തിന് നയരൂപീകരണവും പൊതുസ്വകാര്യ പങ്കാളിത്തവും, കാലാവസ്ഥാ വ്യതിയാന പ്രതിരോധ നടപടികൾ, കോൾഡ് ചെയിൻ സംവിധാനം ശക്തിപ്പെടുത്തൽ, നിർമിതബുദ്ധി ഉൾപ്പെടെയുള്ള സാങ്കേതികവിദ്യകളുടെ ഉപയോഗം തുടങ്ങിയവ പ്രധാന നിർദേശങ്ങളാണ്.സമുദ്ര, തീരദേശ മേഖലകളിലെ സ്ത്രീകൾക്കും യുവ പ്രൊഫഷണലുകൾക്കും നൈപുണ്യശേഷി വികസനം, സാങ്കേതികവിദ്യകളുടെ പിന്തുണ, നേതൃത്വ അവസരങ്ങൾ എന്നിവ നൽകണമെന്ന് സിംപോസിയം ആവശ്യപ്പെട്ടു.

ഗവേഷണം, നവീകരണം, നയപരമായ പിന്തുണ എന്നിവയ്ക്കായി മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കണം. പാരിസ്ഥിതിക, സാമൂഹികസാമ്പത്തിക സൂചകങ്ങൾ ദേശീയ മത്സ്യബന്ധന മാനേജ്മെന്റ് ചട്ടക്കൂടുകളിൽ ഉൾപ്പെടുത്തണമെന്നും നിർദേശമുയർന്നു.സമാപന സമ്മേളനം കുഫോസ് വൈസ്ചാൻസലർ ഡോ എ ബിജുകുമാർ ഉദ്ഘാടനം ചെയ്തു. തീരദേശ സമൂഹത്തിന്റെ ഉന്നമനത്തിനും മത്സ്യമേഖലയുടെ സുസ്ഥിര വികസനത്തിനും മേഖലയിലെ വിവിധ ഏജൻസികൾ തമ്മിൽ പരസ്പര സഹകരണം വേണമെന്ന് അദ്ദേഹം പറഞ്ഞു. സിംപോസിയത്തിൽ നടന്ന ചർച്ചകളുടെ ഫലമായി മുന്നോട്ടുവെച്ച ശുപാർശകൾ രാജ്യത്തിന്റെ ബ്ലൂ ഇക്കോണമിയെ ശക്തിപ്പെടുത്താൻ സഹായിക്കുന്നതാണെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു.

# ഡി.എൽ.സി പ്രചാരണം 4.0: രാജ്യവ്യാപക തുടക്കം



**ന്യൂഡൽഹി:** രാജ്യവ്യാപക ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് (ഡി.എൽ.സി) പ്രചാരണം 4.0യ്ക്ക് തുടക്കമായി. കേന്ദ്ര സഹമന്ത്രി ഡോ. ജിതേന്ദ്ര സിംഗ് പദ്ധതി ഉദ്ഘാടനം ചെയ്തു. രാജ്യത്തെ പെൻഷൻകാർക്കുള്ള ലൈഫ് സർട്ടിഫിക്കേഷൻ കൂടുതൽ ലളിതമാക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തുടർച്ചയായ ശ്രമങ്ങളിലെ സുപ്രധാന ചുവടുവയ്പ്പാണിതെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.നവംബർ 30 വരെ തുടരുന്ന ഒരു മാസം നീണ്ടുനിൽക്കുന്ന ഡി.എൽ.സി പ്രചാരണം 4.0യിലൂടെ, രണ്ട് കോടിയാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും ആദ്യത്തെ നാല് ദിവസങ്ങൾക്കുള്ളിൽ തന്നെ 55 ലക്ഷത്തിലധികം ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റുകൾ സൃഷ്ടിച്ചു കഴിഞ്ഞു.52.73 ലക്ഷം സർട്ടിഫിക്കറ്റുകൾ മുഖം തിരിച്ചറിയൽ സാങ്കേതികവിദ്യ ഉപയോഗിച്ച് സമർപ്പിച്ചതായും 72.64 ലക്ഷം സർട്ടിഫിക്കറ്റുകൾ ഇപിഎഫ്ഒ പെൻഷൻകാരുടേതായിരുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.

കഴിഞ്ഞ വർഷത്തെ പ്രചാരണം 3.0, 2024 നവംബറിൽ 845 ജില്ലകളിലും നഗരങ്ങളിലുമായി 1,984 സ്ഥലങ്ങളിൽ നടത്തിയതായും ഈ കാലയളവിൽ 1.62 കോടി ഡി.എൽ.സികൾ സൃഷ്ടിച്ചതായും മന്ത്രി അറിയിച്ചു. അതിൽ 49.78 ലക്ഷം കേന്ദ്ര സർക്കാർ പെൻഷൻകാരുടേതായിരുന്നു. ഇതിൽ 90 വയസ്സിന് മുകളിലുള്ള 85,200 ലധികം പെൻഷൻകാരും, 100 വയസ്സിന് മുകളിലുള്ള 2,200 ലധികം പെൻഷൻകാരും ഉൾപ്പെടുന്നു. രാജ്യത്തുടനീളമുള്ള ഏകദേശം 2,000 ജില്ലകളും നഗരങ്ങളും ഉൾക്കൊള്ളുന്ന പ്രചാരണം 4.0, 2500 ക്യാമ്പുകളിലൂടെയും 1,250 നോഡൽ ഓഫീസർമാരുടെ ഏകോപനത്തോടെയുമാണ് നടപ്പിലാക്കുന്നത്. പ്രമുഖ ബാങ്കുകൾ, ഇന്ത്യ പോസ്റ്റ് പേയ്മെന്റ് ബാങ്ക് (IPPB), പെൻഷനേഴ്സ് വെൽഫെയർ അസോസിയേഷനുകൾ (PWAs) എന്നിവയുടെ പങ്കാളിത്തവും ഇതിലുണ്ട്. സ്ഥലം, ശാരീരിക ബുദ്ധിമുട്ടുകൾ എന്നിവ പരിഗണിക്കാതെ എല്ലാ പെൻഷൻകാർക്കും അവരുടെ ലൈഫ് സർട്ടിഫിക്കറ്റ് തടസ്സമില്ലാതെ സമർപ്പിക്കാൻ കഴിയുകെയന്നതാണ് സംരംഭം ലക്ഷ്യമിടുന്നത്. 19 പെൻഷൻ വിതരണ ബാങ്കുകൾ, ഇന്ത്യ പോസ്റ്റ് പേയ്മെന്റ് ബാങ്ക്, പെൻഷനേഴ്സ് വെൽഫെയർ അസോസിയേഷനുകൾ, UIDAI, MeitY, EPFO, റെയിൽവേ, CGDA, ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പ് എന്നിവയുമായി സഹകരിച്ചാണ് ഡി.എൽ.സി പ്രചാരണം 4.0 നടത്തുന്നത്.

വിദൂര, ഗ്രാമപ്രദേശങ്ങളിലുള്ളവർ ഉൾപ്പെടെ രാജ്യത്തുടനീളമുള്ള എല്ലാ പെൻഷൻകാരിലേക്കും എത്തിച്ചേരുക എന്നതാണ് ഇതിന്റെ ലക്ഷ്യം. IPPB മാത്രം 1.8 ലക്ഷം പോസ്റ്റ്മാൻമാരുടേയും ഗ്രാമീൺ ഡാക് സേവകരുടേയും ശൃംഖലയിലൂടെ 1,600 ലധികം ജില്ലകളിലും ഉപവിഭാഗങ്ങളിലും ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. പെൻഷൻ വിതരണം ചെയ്യുന്ന ബാങ്ക് പരിഗണിക്കാതെ പെൻഷൻകാർക്ക് അവരുടെ വീട്ടുവാതിൽക്കൽ തന്നെ ഡി.എൽ.സി സേവനങ്ങൾ IPPB വാഗ്ദാനം ചെയ്യുന്നു.1,850 നഗരങ്ങളിലും പട്ടണങ്ങളിലുമായി 2,500 ക്യാമ്പ് ലൊക്കേഷനുകളും 1,200 ലധികം നോഡൽ ഓഫീസർമാരുമുള്ള ഒരു പ്രത്യേക ഡി.എൽ.സി പോർട്ടലും വകുപ്പ് സൃഷ്ടിച്ചിട്ടുണ്ട്. ഒരു മാസം നീണ്ടുനിൽക്കുന്ന പ്രചാരണത്തിലുടനീളം സുഗമമായ പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിന് ഘട്ടം ഘട്ടമായ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിലും പെൻഷൻകാരെ അണിനിരത്തുന്നതിലും നിർണ്ണായക പങ്ക് വഹിക്കുന്ന ഊീജജണ യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 57 പെൻഷനേഴ്സ് വെൽഫെയർ അസോസിയേഷനുകളിൽ നിന്നും പ്രചാരണത്തിന് പിന്തുണയുണ്ട്.




# തിമിംഗലങ്ങളെയും ഡോൾഫിനുകളെയും ശബ്ദത്തിലൂടെ നിരീക്ഷിക്കാം

**കൊച്ചി:** സമുദ്ര സസ്തനികളെ ശബ്ദവീചികളിലൂടെ മനസ്സിലാക്കാനും നിരീക്ഷിക്കാനുമുള്ള സാങ്കേതികവിദ്യ പരിചയപ്പെടുത്തി ഗവേഷകർ. സിഎംഎഫ്ആർഐയിൽ നടന്ന ആഗോള മറൈൻ സിംപോസയിത്തിലെ സമുദ്രസസ്തനികളെ കുറിച്ചുള്ള പ്രത്യേക സെഷനിൽ പുതിയ ഗവേഷ രീതി ചർച്ചയായി. പാസീവ് അക്കോസ്റ്റിക് മോണിറ്ററിംഗ് എന്ന ശബ്ദാധിഷ്ഠിത സാങ്കേതികവിദ്യ ഉപയോഗിച്ച് നൂറുകണക്കിന് കിലോമീറ്റർ അകലെനിന്നുപോലും തിമിംഗലങ്ങളെയും ഡോൾഫിനുകളെയും നിരീക്ഷിക്കുന്നത് ഇന്ത്യയുടെ സമുദ്ര സസ്തനി ഗവേഷണത്തിൽ വലിയ ചുവടുവെപ്പാകും.



വെളിച്ചത്തേക്കാൾ വേഗത്തിൽ വെള്ളത്തിനടിയിലൂടെ ശബ്ദം സഞ്ചരിക്കുന്നതിനാൽ, രാപ്പകൽ ഭേദമില്ലാതെ സമുദ്രജീവികളെ നിരീക്ഷിക്കാൻ ഈ രീതി സഹായകരമാകും. ബൂയികൾ, ടാഗുകൾ തുടങ്ങിയ ഉപകരണങ്ങൾ ഉപയോഗിച്ച് കടൽ സസ്തനികളുടെ ശബ്ദങ്ങൾ പിടിച്ചെടുത്ത്, അവയുടെ സാന്നിധ്യം, എണ്ണം, ദേശാടന വഴികൾ എന്നിവ കണ്ടെത്താനാകും. നിർമിത ബുദ്ധി, മെഷീൻ ലേണിംഗ് എന്നിവ കൂടി സംയോജിപ്പിക്കുന്നതിലൂടെ ഓരോ ഇനം സസ്തനികളെയും കൃത്യമായി മനസ്സിലാക്കാനാകുമെന്ന് ഗവേഷകർ പറഞ്ഞു. സമുദ്ര സസ്തനികൾ നേരിടുന്ന നിരവധി വെല്ലുവിളികളുടെ പശ്ചാത്തലത്തിൽ ഇവയുടെ ദീർഘകാല സംരക്ഷണത്തിനായി ദേശീയ കർമ്മ പദ്ധതി രൂപീകരിക്കണമെന്ന് സംഗമം ആവശ്യപ്പെട്ടു.

ആവാസവ്യവസ്ഥാ നശീകരണം, മലിനീകരണം, കപ്പലുകളുമായുള്ള കൂട്ടിയിടി, മത്സ്യബന്ധന വലകളിലെ കുരുക്ക് എന്നിവയാണ് ജീവികൾക്ക് പ്രധാന ഭീഷണിയാണ്. ഗവേഷണം, നിരീക്ഷണം, സംരക്ഷണം എന്നിവ ഏകോപിപ്പിക്കാനായി ദേശീയതലത്തിൽ മൾട്ടിഇൻസ്റ്റിറ്റിയൂഷണൽ നെറ്റ്വർക്ക് അടിയന്തരമായി രൂപീകരിക്കണം. കരയ്ക്കടിയുന്ന ജീവികളെ കൈകാര്യം ചെയ്യാനും പോസ്റ്റ്മോർട്ടം നടത്താനും യോഗ്യരായ ശാസ്ത്രജ്ഞർക്ക് അധികാരം നൽകണം. ഡേറ്റ ശേഖരണത്തിനും പ്രതികരണത്തിനുമായി ദേശീയ പ്രോട്ടോക്കോൾ ഉണ്ടാകുന്നത് മരണനിരക്ക് കുറയ്ക്കാൻ സഹായിക്കുമെന്നും സംഗമം വിലയിരുത്തി.

# അങ്കമാലി നഗരസഭയിൽ ഹാപ്പിനസ് പാർക്ക്



**കൊച്ചി:** അങ്കമാലി നഗരസഭ മുല്ലശ്ശേരി ഏഴാം വാർഡിൽ ഹാപ്പിനസ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ബെന്നി ബഹനാൻ എം. പി ഉദ്ഘാടനം നിർവഹിച്ചു. നഗരസഭ ഏഴാം വാർഡിൽ അക്വഡേറ്റ് പരിസരത്ത് 35 ലക്ഷം രൂപ ചെലവഴിച്ചാണ് പാർക്ക് നിർമ്മിക്കുന്നത്.

ചടങ്ങിൽ റോജി എം. ജോൺ എം. എൽ. എ മുഖ്യാതിഥിയായി. അങ്കമാലി നഗരസഭ ചെയർപേഴ്സൺ അഡ്വ. ഷിയോപോൾ അധ്യക്ഷനായി. നഗരസഭ വികസനകാര്യ സ്ഥിരം സമിതി ചെയർമാൻ കെ.പി പോൾ ജോവർ, നഗരസഭ മുൻ ചെയർമാൻ മാത്യു തോമസ്, മുൻ വൈസ് ചെയർപേഴ്സൺ റീത്ത പോൾ, സാജു നെടുങ്ങാടൻ, കെ.എസ് ഷാജി എന്നിവർ പങ്കെടുത്തു.

## ഭൂമി തരംമാറ്റം: ജില്ലാ തല അദാലത്ത് നടത്തി

**കൊച്ചി:** ഭൂമി തരംമാറ്റ അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള ജില്ലാ തല അദാലത്ത് കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ ജില്ലാ കളക്ടർ ജി. പ്രിയങ്ക ഉദ്ഘാടനം ചെയ്തു. ജില്ലയിലെ ഏഴ് താലൂക്കുകളിൽ നിന്നായി 6309 അപേക്ഷകൾ തീർപ്പാക്കി. ആഗസ്റ്റ് 31 ന് മുമ്പ് ലഭിച്ച സൗജന്യ തരമാറ്റത്തിനുള്ള അപേക്ഷകളാണ് പരിഗണിച്ചത്.അസിസ്റ്റന്റ് കളക്ടർ പാർവതി ഗോപകുമാർ, മൂവാറ്റുപുഴ ആർ.ഡി.ഒ പി.എൻ അനി, ഡെപ്യൂട്ടി കളക്ടർമാരായ സുനിത ജേക്കബ്ബ്, എസ്. റജീന, വി.ഇ അബ്ബാസ്, സുനിൽ മാത്യൂ, കെ. മനോജ്, ജില്ലയിലെ ഭൂരേഖ തഹസിൽദാർമാർ,വില്ലേജ് ഓഫീസർമാർ എന്നിവർ പങ്കെടുത്തു .

## ലീപ് കേരള ക്വിസ് മത്സരം: നിത്യ പൗലോസും വി. കെ അനുഗ്രഹയും ജേതാക്കൾ

**കൊച്ചി:** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിന് മുന്നോടിയായി ലീപ് കേരളയുടെ ആഭിമുഖ്യത്തിൽ കാക്കനാട് കളക്ടറേറ്റ് സ്പാർക്ക് ഹാളിൽ വിദ്യാർത്ഥികൾക്കായി ക്വിസ് മത്സരം സംഘടിപ്പിച്ചു. അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് വിനോദ് രാജ് ഉദ്ഘാടനം ചെയ്തു. ജില്ലയിൽ നിന്നുള്ള 50 വിദ്യാർത്ഥികൾ പങ്കെടുത്ത മത്സരത്തിൽ ആലുവ യു.സി കോളേജ് വിദ്യാർത്ഥിനികളായ നിത്യ പൗലോസ്, വി.കെ അനുഗ്രഹ എന്നിവർ ഒന്നാം സ്ഥാനം നേടി. എറണാകുളം ലോ കോളേജ് വിദ്യാർത്ഥികളായ കെ. പി. അശ്വന്ത് ബാബു, പ്രമിത് സി. മേനോൻ എന്നിവർ രണ്ടാം സ്ഥാനവും, സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് വിദ്യാർത്ഥികളായ ഗോകുൽ തേജസ് മേനോൻ, അഭിനവ് ജെ. കുമാർ എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

വിജയികൾക്ക് അസിസ്റ്റന്റ് കളക്ടർ പാർവ്വതി ഗോപകുമാർ സമ്മാനങ്ങൾ വിതരണം ചെയ്തു. ഒന്നാം സ്ഥാനം ലഭിച്ച വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റും 10,000 രൂപയുടെ ക്യാഷ് അവാർഡും ലഭിച്ചു. ര്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് യഥാക്രമം 7500 , 5000 രൂപയുടെ ക്യാഷ് അവാർഡുകളും സർട്ടിഫിക്കറ്റുകളും ലഭിച്ചു. ഹുസൂർ ശിരസ്തദാർ ജി.വി ജ്യോതി, ഐ.ടി. മിഷൻ ജില്ലാ മാനേജർ ചിഞ്ചു സുനിൽദത്ത്, എച്ച്.ഡി.എഫ്.സി പ്രതിനിധികളായ വിനോദ് തറമേൽ, ഫാഹിം റഹൂഫ് എന്നിവർ പങ്കെടുത്തു.

## ജില്ലാ സൈനിക ബോർഡ് വാർഷിക യോഗം സംഘടിപ്പിച്ചു

കൊച്ചി: എറണാകുളം ജില്ലാ സൈനിക ബോർഡിന്റെയും ജില്ലാ സായുധ സേന പതാകദിന കമ്മിറ്റിയുടെയും വാർഷിക യോഗം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്നു. സായുധസേന പതാക ദിനം, രാജ്യത്തിന് വേി സൈനികർ നടത്തുന്ന സേവനങ്ങളെക്കുറിച്ചും വിമുക്തഭട ക്ഷേമ പ്രവർത്തനങ്ങളുടെ ആവശ്യകതയെക്കുറിച്ചും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുമെന്ന് യോഗത്തിൽ അധ്യക്ഷനായ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് വിനോദ് രാജ് പറഞ്ഞു. യോഗത്തിൽ 2024ലെ സായുധസേന പതാകദിന ഫിന്റെ അവലോകന റിപ്പോർട്ട് ജില്ലാ സൈനികക്ഷേമ ഓഫീസർ സി.ഒ ബിജു അവതരിപ്പിച്ചു. ജില്ലാ സൈനിക ബോർഡ് വൈസ് പ്രസിഡന്റ് ബ്രിഗേഡിയർ ( റിട്ട) മോഹനൻ പിള്ള, സൈനിക് ബോർഡ് അംഗങ്ങൾ, വിവിധ വകുപ്പ് പ്രതിനിധികൾ എന്നിവർ പങ്കെടുത്തു

## പ്രവാസികൾക്കായി ഇ–സേവ കേന്ദ്രം

# സർക്കാറിനോട് ശിപാർശ ചെയ്യും: പ്രവാസി കമ്മീഷൻ



**കോഴിക്കോട്:** പ്രവാസികളുടെ സേവനത്തിനായി ഇ–സേവ കേന്ദ്രം ആരംഭിക്കാൻ സർക്കാറിനോട് ശിപാർശ ചെയ്യുമെന്ന് പ്രവാസി കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് സോഫി തോമസ്. കോഴിക്കോട് ഗവ. പോളിടെക്നിക്കിൽ സംഘടിപ്പിച്ച പ്രവാസി കമ്മീഷൻ അദാലത്തിൽ സംസാരിക്കുകയായിരുന്നു അവർ. പ്രവാസി മലയാളി എന്ന് പേരിലുൾപ്പെടുത്തിയ ഏത് സംഘടന കണ്ടാലും അത് സർക്കാറിന്റേതാണെന്ന് തെറ്റിദ്ധരിച്ച് പണം നിക്ഷേപിച്ച് പലരും ചതിയിലകപ്പെടുന്നുണ്ട്. ഇതിനെതിരായ ബോധവത്കരണം കമീഷൻ അദാലത്തുകൾ വഴിയും മറ്റും നടത്തുന്നുണ്ടെന്നും ചെയർപേഴ്സൺ പറഞ്ഞു.

അനധികൃത സംരംഭങ്ങളിൽ നിക്ഷേപം നടത്തിയും റിക്രൂട്ടിങ് ഏജൻസികളുടെ ജോലി വാഗ്ദാനത്തിലൂടെയുമെല്ലാം പണം നഷ്ടമാകുന്നവർ നിരവധിയാണ്. ഇത്തരം പരാതികൾ പൊലീസിന്റെയും നോർക്ക ഡിപ്പാർട്ട്മെന്റിന്റെയും നോർക്ക റൂട്ട്സിന്റെയും വെൽഫയർ ബോർഡിന്റെയുമെല്ലാം ശ്രദ്ധയിൽ കൊണ്ടുവരുന്നുണ്ട്. പ്രവാസി പ്രശ്നങ്ങളിലെ പരിഹാരത്തിന് പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പരമാവധി വേഗത്തിൽ പരിഹാരത്തിന് ശ്രമിക്കുന്നുണ്ട്. അനുമതിയില്ലാത്ത സംഘടനകൾക്ക് തടയിടാനും ശ്രമം നടത്തുന്നുണ്ട്. പരാതികൾ കാലതാമസം കൂടാതെ അറിയിച്ചാൽ നടപടികൾ എളുപ്പത്തിൽ സാധ്യമാകുമെന്നും വേൾഡ് മലയാളി പ്രവാസി ഓർഗനൈസേഷൻ എന്ന പേരിൽ 25ഓളം പേരെ പാർട്ണർമാരാക്കി വഞ്ചിച്ചതിന്റെ രണ്ട് പരാതികൾ കോഴിക്കോട്ട് ലഭിച്ചിട്ടുണ്ടെന്നും ചെയർപേഴ്സൺ അറിയിച്ചു.

പ്രവാസി കുടുംബങ്ങൾ നാട്ടിൽ നേരിടുന്ന പ്രശ്നങ്ങൾ, സാമ്പത്തിക തട്ടിപ്പുകൾ, റിക്രൂട്ടിങ് ഏജൻസികളുടെ വഞ്ചന, സർക്കാർ കാര്യാലയങ്ങളിൽനിന്നും ബാങ്കുകളിൽ നിന്നും എംബസികളിൽനിന്നും തൊഴിൽ ദാതാക്കളിൽനിന്നും ലഭിക്കേണ്ട സഹായങ്ങൾ തുടങ്ങിയ വിഷയങ്ങളാണ് കമീഷന്റെ പരിഗണനയിൽ വന്നത്. 64 പഴയ പരാതികളും 60 പുതിയതുമടക്കം 124 പരാതികളാണ് അദാലത്തിൽ പരിഗണിച്ചത്. കമ്മീഷൻ അംഗങ്ങളായ പി.എം ജാബിർ, ഡോ. മാത്യൂസ് കെ ലൂക്കോസ്, എം.എം. നഈം, ജോസഫ് ദേവസ്യ പൊന്മാങ്കൽ, സെക്രട്ടറി ആർ. ജയറാം കുമാർ എന്നിവരും പങ്കെടുത്തു.

# സമുദ്രസുരക്ഷയ്ക്കായി ഐ.എൻ.എസ് ഇക്ഷക് നാവിക സേനയ്ക്കൊപ്പം



**കൊച്ചി:** സമുദ്രസുരക്ഷ കൂടുതൽ കരുത്തുറ്റതാക്കാൻ സർവേ വെസൽ ലാർജ് (എസ്.വി.എൽ) ശ്രേണിയിലെ മൂന്നാമത്തെ കപ്പലായ ഐ.എൻ.എസ് ഇക്ഷക് ഇന്ത്യൻ നാവിക സേനയുടെ ഭാഗമായി. കൊച്ചിയിലെ ദക്ഷിണ മേഖാല നാവിക ആസ്ഥാനത്ത് നടന്ന പ്രൗഢഗംഭീരമായ ചടങ്ങിലാണ് ഐ.എൻ.എസ് ഇക്ഷക് നാവിക സേനയുടെ ഭാഗമായി ചേർന്നത്. നാവികസേനാ മേധാവി അഡ്മിറൽ ദിനേഷ് കെ. ത്രിപാഠി ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കപ്പൽ കമാൻഡിംഗ് ഓഫീസർ ക്യാപ്റ്റൻ ത്രിഭുവൻ സിംഗ് കമ്മീഷനിംഗ് വാറന്റ് വായിച്ചകൊണ്ടാണ് ചടങ്ങിന് തുടക്കം കുറിച്ചത്.

തുടർന്ന് ദേശീയഗാനം ആലപിച്ചുകൊണ്ട് നാവികർ പതാക ഉയർത്തി. ‘കളർ ഗാർഡ്’ അഭിവാദ്യം അർപ്പിക്കുകയും ഒപ്പം കപ്പലിന്റെ പതാകയും ഉയർത്തി, ഇതോടെ കപ്പൽ ഔദ്യോഗികമായി നാവികസേനയുടെ ഭാഗമായി മാറി. തുടർന്ന് നാവികസേനാ മേധാവി കമ്മീഷനിംഗ് ഫലകം അനാവരണം ചെയ്തു. വൈസ് അഡ്മിറൽ സമീർ സക്സേന (എഫ്.ഒ.സി. ഐ.എൻ.സി സൗത്ത്), വാർഷിപ്പ് പ്രൊഡക്ക്ഷൻ ആന്റ് അക്വിസിഷൻ കൺട്രോളർ വൈസ് അഡ്മിറൽ രാജാറാം സ്വാമിനാഥൻ, ഉന്നത നാവിക ഉദ്യോഗസ്ഥർ, ഗാർഡൻ റീച്ച് ഷിപ്പ്ബിൽഡേഴ്സ് ആൻഡ് എഞ്ചിനീയേഴ്സ് പ്രതിനിധികൾ ഉൾപ്പെടെയുള്ളവർ ചടങ്ങിൽ പങ്കെടുത്തു. ആധുനിക ഹൈഡ്രോഗ്രാഫിക്, ഓഷ്യാനോഗ്രാഫിക് സംവിധാനങ്ങളും ഹെലികോപ്റ്റർ പിന്തുണയും ഉൾപ്പെടുത്തിയിരിക്കുന്ന ഈ കപ്പൽ, സർവേ ദൗത്യങ്ങൾക്കും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുമായി ഉപയോഗിക്കാവുന്ന ഇരട്ട ഉപയോഗ ശേഷിയുള്ളതാണ്.

അത്യാവശ്യ സന്ദർഭങ്ങളിൽ ഹോസ്പിറ്റൽ ഷിപ്പായും പ്രവർത്തിക്കും. സ്ത്രീ സേനാംഗങ്ങൾക്ക് പ്രത്യേക താമസ സൗകര്യമുള്ള ആദ്യ എസ്.വി.എൽ കപ്പൽല കൂടിയാണ് ഇക്ഷാക്. തുറമുഖങ്ങൾ, നാവിഗേഷൻ ചാനലുകൾ എന്നിവയുടെ തീരദേശ, ആഴക്കടൽ ജലമാപക സർവ്വേകൾ പൂർണ്ണ തോതിൽ നടത്തുന്നതിനാണ് കപ്പൽ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

സുരക്ഷിതമായ സമുദ്ര സഞ്ചാരം ഉറപ്പാക്കുന്നതിനും ഇന്ത്യയുടെ സമുദ്ര സുരക്ഷാ ചട്ടക്കൂട് ശക്തിപ്പെടുത്തുന്നതിനും കപ്പൽ സഹായകമാകും. നാവികർക്ക് സുരക്ഷിത യാത്ര ഉറപ്പാക്കുകയും, ഇന്ത്യയുടെ സമുദ്ര ശേഷി ശക്തിപ്പെടുത്തുകയുമാണ് ഇക്ഷകിന്റെ ദൗത്യം.

## സാനിട്ടറി മാലിന്യങ്ങൾ കൈകാര്യം ചെയ്യൽ

# പ്ലാന്റുകൾ ആറുമാസത്തിനകം ; ധാരണാ പത്രം കൈമാറി



**തിരുവനന്തപുരം:** സംസ്ഥാനത്ത് സാനിട്ടറി മാലിന്യങ്ങൾ പൂർണമായും കൈകാര്യംചെയ്യാനുള്ള പ്ലാന്റുകൾ ആറു മാസത്തിനകം പൂർത്തിയാകുമെന്നും ഇതുൾപ്പെടെ സ്പെഷ്യൽ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള കൂടുതൽ പദ്ധതികൾ വൈകാതെ നിലവിൽവരുമെന്നും മന്ത്രി എം.ബി. രാജേഷ് പറഞ്ഞു. സാനിട്ടറി മാലിന്യം, റിജക്ട് മാലിന്യം എന്നിവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിലേക്കുള്ള പ്ലാന്റുകൾ നിർമിക്കുന്നതിന് വിവിധ ഏജൻസികളുമായുള്ള ധാരണാപത്രവും ചുമതലാപത്രവും കൈമാറുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

കഴിഞ്ഞ ഏപ്രിലിൽ തിരുവനന്തപുരത്ത് നടത്തിയ വൃത്തി കോൺക്ലേവിൽ നിക്ഷേപകസംഗമം സംഘടിപ്പിച്ചിരുന്നു. അന്ന് ലഭിച്ച നിക്ഷേപവാഗ്ദാനങ്ങൾ പ്രവൃത്തിയിലേക്ക് വരികയാണ്. അതിന്റെ ഭാഗമായാണ് സാനിട്ടറി മാലിന്യപ്ലാന്റുകൾ സ്ഥാപിക്കാൻ ക്ലീൻ കേരള കമ്പനിയും ശുചിത്വമിഷനും ചേർന്ന് ഏജൻസികളെ തെരഞ്ഞെടുത്ത് നടപടി സ്വീകരിച്ചത്. 100 ടൺ സാനിട്ടറിമാലിന്യം കൈകാര്യം ചെയ്യാനുള്ള പ്ലാന്റുകളാണ് വരുന്നത്. കേരള സംസ്ഥാനത്ത് ദിനംപ്രതി ഉാകുന്ന സാനിട്ടറി നാപ്കിൻ, കുട്ടികളുടെയും, മുതിർന്നവരുടെയും കിടപ്പുരോഗികളുടെയും ഡയപ്പറുകൾ ഉൾപ്പെടെ സാനിറ്ററി മാലിന്യം മുഴുവനും ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള പ്ലാന്റുകളാണ് ഇതിന്റെ ഭാഗമായി വരുന്നത്.

പൂർണ്ണമായും സാനിറ്ററി മാലിന്യം കൈകാര്യം ചെയ്യുന്ന സംരംഭം ഇന്ത്യയിൽ ആദ്യത്തേതാണ് 720 ടൺ റിജക്ട് മാലിന്യങ്ങൾ പ്രതിദിനം ശാസ്ത്രീയമായി സംസ്കരിക്കാൻ വഴിയൊരുക്കുന്ന 14 ആർ.ഡി.എഫ് പ്ലാന്റുകളും ആറുമാസത്തിനകം നിലവിൽ വരും. സംസ്ഥാനത്ത് മാലിന്യത്തിൽ നിന്നും ഊർജ്ജം ഉത്പ്പാദിപ്പിക്കാൻ കഴിയുന്ന പ്രതിദിനം 500 ടൺ സംസ്കരണ ശേഷിയുള്ള വേസ്റ്റ് ടു എനർജി പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികളും പൂർത്തിയാക്കിയിട്ടുണ്ട്. ഇതോടുകൂടി കേരളത്തിന്റെ റിജക്ട് മാലിന്യ സംസ്കരണത്തിനായി അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് ഒഴിവാക്കുന്നതിന് സാധിക്കും. പ്ലാന്റ് സ്ഥാപിക്കുന്നതിന് ട്രാൻസാക്ഷൻ അഡ്വൈസറായി നിയോഗിക്കപ്പെട്ട ഏണസ്റ്റ് ആന്റ് യംഗിന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ യു.വി. ജോസ് ചുമതലാപത്രം കൈമാറി.

ദിനംപ്രതി 20 ടൺ സാനിട്ടറിമാലിന്യം കൈകാര്യം ചെയ്യാനുള്ള 4 പ്ലാന്റുകളാണ് മേഖലാ അടിസ്ഥാനത്തിൽ കൊല്ലം, എറണാകുളം, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലായി വരുന്നത്. ഇതോടെ സാനിട്ടറി മാലിന്യ സംസ്കരണ രംഗത്തെ പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കപ്പെടും. നിലവിൽ ഈ സേവനത്തിന് നൽകി വരുന്ന യൂസർ ഫീയിൽ ഗണ്യമായ കുറവ് വരുത്താൻ ഈ പദ്ധതി നടപ്പിലാക്കുക വഴി സാധിക്കുന്നതാണ്. പ്രിതിദിനം 80 ടൺ സാനിട്ടറി മാലിന്യം സംസ്കരിക്കുന്നതിന് മരിദി ബയോ ഇൻഡസ്ട്രീസുമായും ബയോട്ടിക് വേസ്റ്റ്ആക്രി ഇംപാക്ട് എന്നിവർ ചേർന്ന കൺസോർഷ്യവുമായുമുള്ള ധാരണാ പത്രം ക്ലീൻകേരള കമ്പനിക്ക് കൈമാറി. ഇത്തരത്തിൽ നിർമ്മിക്കപ്പെടുന്ന മാലിന്യ സംസ്കരണ പ്ലാന്റുകൾ എല്ലാംതന്നെ പൊതുസ്വകാര്യ പങ്കാളിത്തത്തോടുകൂടിയായതിനാൽ സർക്കാരിന്റെ സാമ്പത്തിക ഭാരം ലഘൂകരിക്കപ്പെടും.

# സൈബർ തട്ടിപ്പുകൾക്കെതിരെ ബോധവൽക്കരണം




**കൊച്ചി:** റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, കേരള പോലീസുമായി സഹകരിച്ച് മുതിർന്ന പൗരന്മാർക്കായി സുരക്ഷിത ബാങ്കിംഗ് ശീലങ്ങളെക്കുറിച്ചുള്ള സാമ്പത്തിക അവബോധ പരിപാടി 'ജാഗ്രത' സംഘടിപ്പിച്ചു. സൈബർ ഭീഷണികളിൽ നിന്ന് മുതിർന്ന പൗരന്മാരെ സംരക്ഷിക്കുന്നതിനും അക്കൗണ്ടുകൾ സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനും പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെ നടന്ന ബോധവൽക്കരണ പരിപാടി എറണാകുളം റേഞ്ച് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് ഡോ. എസ്. സതീഷ് ബിനോ ഉദ്ഘാടനം ചെയ്തു.

കൊച്ചി സിറ്റി പോലീസ് ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ജുവനാപുടി മഹേഷ്, ആർബിഐ തിരുവനന്തപുരം കേരള ആന്റ് ലക്ഷദ്വീപ് റീജിയണൽ ഡയറക്ടർ തോമസ് മാത്യു, ആർബിഐ തിരുവനന്തപുരം ജനറൽ മാനേജർ പി. കെ മുഹമ്മദ് സാജിദ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

വിവിധ സൈബർ തട്ടിപ്പുകളുടെ രീതി, പ്രതിരോധ തന്ത്രങ്ങൾ, സുരക്ഷിത ബാങ്കിംഗ് രീതികൾ, ബാങ്കുകളിൽ ലഭ്യമായ പരാതി പരിഹാര സംവിധാനങ്ങൾ എന്നിവയെക്കുറിച്ചുള്ള പരിശീലന സെഷൻ എന്നിവയായിരുന്നു പ്രധാനമായും ബോധവൽക്കരണ പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നത്.

## ബോട്ടുജെട്ടി പുനർനിർമ്മാണം: 60 ലക്ഷം അനുവദിച്ചു



**കൊച്ചി:** കടമക്കുടി പഞ്ചായത്തിലെ മൂന്നാം വാർഡിൽ സ്ഥിതി ചെയ്യുന്ന ചേന്നൂർ തെക്കേ ബോട്ടുജെട്ടിയും പുഴയോര സംരക്ഷണ ഭിത്തിയും പുനർനിർമ്മിക്കുന്നതിനായി 60 ലക്ഷം രൂപ അനുവദിച്ചതായി കെ.എൻ. ഉണ്ണിക്കൃഷ്ണൻ എം.എൽ.എ. അറിയിച്ചു. ജലസേചന വകുപ്പിൽ നിന്നാണ് പദ്ധതിക്കാവശ്യമായ തുക അനുവദിച്ചിട്ടുള്ളത്.

കഴിഞ്ഞ പ്രളയകാലത്ത് ഈ പ്രദേശങ്ങളിലെ പുഴയോര സംരക്ഷണ ഭിത്തികളുടെ കല്ലുകൾ ഇടിഞ്ഞുപോയിരുന്നു. ഇതിനുപുറമെ, ബാർജുകളും മറ്റ് ബോട്ടുകളും നിരന്തരം കടന്നുപോകുന്നതിനാൽ കരയിലെ മണ്ണ് പുഴയിലേക്ക് ഒലിച്ചുപോകുന്ന സ്ഥിതിയാണ്. ഇത് സമീപത്തെ റോഡ് ഇടിഞ്ഞുതാഴാൻ കാരണമാവുകയും വാഹനയാത്ര അപകട ഭീതിയിലാക്കുകയും ചെയ്തു. തീരം ഇടിഞ്ഞുപോകുന്നത് സമീപത്തെ വീടുകൾക്കും സുരക്ഷാ ഭീഷണിയുയർത്തുകയാണ്. കൂടുതൽ തകരാറിലായ ഭാഗത്തെ സംരക്ഷണ ഭിത്തിയും ബോട്ടുജെട്ടിയും പുനർനിർമ്മിക്കുന്നതിനാണ് തുക അനുവദിച്ചിരിക്കുന്നത്.

ബോട്ടുജെട്ടിയുടെ പുനർനിർമ്മാണം പൂർത്തിയാകുന്നതോടെ ആംബുലൻസ് ബോട്ട് മുഖേന ചികിത്സ തേടിയെത്തുന്നവർക്കും ജലഗതാഗത വകുപ്പിന്റെ ബോട്ട് യാത്രക്കാർക്കും പ്രയോജനം ലഭിക്കും. സർക്കാരിന്റെ ഭരണാനുമതി ലഭിച്ച സാഹചര്യത്തിൽ എത്രയും വേഗം ടെൻഡർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്ന് എം.എൽ.എ. അറിയിച്ചു.

## നവീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം

**കൊച്ചി:** കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിലെ മണികണ്ഠൻ ചാൽ - വെള്ളാരംകുത്ത് റോഡിന്റെ നവീകരണ പ്രവർത്തനങ്ങളുടെ നിർമ്മാണോദ്ഘാടനം ആന്റണി ജോൺ എം.എൽ.എ നിർവഹിച്ചു. വാർഡ് മെമ്പർ ഡെയ്സി ജോയി ചടങ്ങിൽ അധ്യക്ഷയായി. വെള്ളാരംകുത്ത്, മണികണ്ഠൻ ചാൽ പ്രദേശങ്ങളിലേക്കും സമീപ ആദിവാസി ഉന്നതികളിലേക്കുമുള്ള ഏക യാത്രാ മാർഗമാണ് ഈ റോഡ്. അതുകൊണ്ട് തന്നെ പ്രദേശവാസികളെ സംബന്ധിച്ചിടത്തോളം പദ്ധതി ഏറെ ഉപകാരം ചെയ്യും. 43 ലക്ഷം രൂപ വിനിയോഗിച്ചാണ് നവീകരണം നടത്തുന്നത്. നിർമ്മാണോദ്ഘാടന ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് അംഗം കെ. കെ ഗോപി, പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ മിനി മനോഹരൻ, പഞ്ചായത്ത് അംഗങ്ങളായ രേഖ രാജു, മേരി കുര്യാക്കോസ്, ശ്രീജ ബിജു, ഷീല രാജീവ്, ആലീസ് സിബി, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## ബ്രൈറ്റ് സ്റ്റുഡന്റ് സ്കോളർഷിപ്പ്: അപേക്ഷ ക്ഷണിച്ചു

കൊച്ചി: 2024-25 അധ്യയന വർഷത്തിൽ ഹൈസ്കൂൾ തലം മുതൽ ബിരുദാനന്തര ബിരുദം, ടി.ടി.സി, ഡിപ്ലോമ വരെ പഠിച്ച വിമുക്തഭടന്മാരുടെ മക്കളിൽ നിന്നും ബ്രൈറ്റ് സ്റ്റുഡന്റ്സ് സ്കോളർഷിപ്പിനായി അപേക്ഷ ക്ഷണിച്ചു. വാർഷിക പരീക്ഷയിൽ 50 ശതമാനത്തിൽ കുറയാത്ത മാർക്ക് ലഭിച്ച സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും സ്കോളർഷിപ്പുകൾ ലഭിക്കാത്ത വിദ്യാർത്ഥികൾ www.serviceonline.gov.in/kerala എന്ന വെബ്സൈറ്റിൽ ഓൺലൈനായി ഡിസംബർ 25 നു മുൻപ് അപേക്ഷ സമർപ്പിക്കണം. ഫോൺ: 0484-2422239

## അദാലത്ത് മാറ്റി വെച്ചു

കൊച്ചി: കേരള സർക്കാർ ഫിഷറീസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എറണാകുളം ജില്ലയിലെ മത്സ്യ ഫാമുകൾക്കും ഹാച്ചറികൾക്കും 2025-26 വർഷത്തെ ലൈസൻസ് പുതുക്കുന്നതിനായി എറണാകുളം, ചെല്ലാനം മത്സ്യഭവനുകളിൽ നവംബർ എട്ടിന് നടത്താൻ തീരുമാനിച്ചിരുന്ന അദാലത്ത് നവംബർ 10 ലേക്ക് മാറ്റിവെച്ചതായി ഫിഷറീസ് മേഖല ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം അറിയിച്ചു.

## അഡ്മിഷൻ ആരംഭിച്ചു

കൊച്ചി: സർക്കാർ സ്ഥാപനമായ കെൽട്രോണിന്റെ തൊടുപുഴയിലുള്ള നോളജ് സെന്ററിൽ അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ഗ്രാഫിക്സ്, വെബ് ആൻഡ് ഡിജിറ്റൽ ഫിലിം മേക്കിങ്, അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ഡിജിറ്റൽ മീഡിയ ഡിസൈനിങ് ആൻഡ് ആനിമേഷൻ ഫിലിം മേക്കിങ് , അഡ്വാൻസ്ഡ് ഗ്രാഫിക്സ് ഡിസൈൻ, അഡ്വാൻസ്ഡ് വെബ് ഡിസൈൻ, ഓഡിയോ ആൻഡ് വീഡിയോ എഡിറ്റിംഗ് എന്നീ കോഴ്സുകളിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. ഫോൺ: 0484-228281, 7909228182

# ഇൻക്രിബ് 4 ബിസിനസ്സ് നെറ്റ് വർക്കിംഗ് കൊച്ചിൻ ചാപ്ടർ കൺവെൻഷൻ

**കൊച്ചി:** ബിസിനസ്സ് മേഖലയിലെ റൊട്ടേറിയൻമാരുടെ അന്താരാഷ്ട്ര കൺവെൻഷന്റെ നാലാം പതിപ്പ് ഇൻക്രിബ് 4 ബിസിനസ്സ് നെറ്റ് വർക്കിംഗ് ആർ.എം.ബി കൊച്ചിൻ ചാപ്ടർ കൺവെൻഷൻ നവംബർ 8, 9 തീയതികളിൽ കൊച്ചി ഹോട്ടൽ മാരിയറ്റിൽ നടക്കും. ബിസിനസ്സുകാർക്ക് അവരുടെ ബിസിനസ് മേഖല കൂടതൽ വികസിപ്പിക്കാനും പങ്കാളിത്തങ്ങൾ സൃഷ്ടിച്ച് അതുവഴി വളർച്ചയ്ക്കുള്ള പുതിയ അവസരങ്ങൾ കണ്ടെത്താൻ സഹായിക്കുന്ന വിധത്തിലാണ് സമ്മേളനം സംഘടിപ്പിച്ചിരിക്കുന്നത്.


പരസ്പരം ആശയവിനിമയത്തിലൂടെ സഹായ സഹകരങ്ങൾ നൽകി കൂടുതൽ വളർച്ചയും വികാസവും കൈവരിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും 300 ഓളം ബിസിനസ്സുകാർ സമ്മേളനത്തിൽ പങ്കെടുക്കും. സ്ഥാപന മേധാവികളാണ് സമ്മേളനത്തിന് എത്തുന്നത്. ബിസിനസ് മേഖല സംബന്ധിച്ച് ആഴത്തിൽ പഠിക്കാൻ സാധിക്കുന്നതിനൊപ്പം ക്യൂറേറ്റഡ് ബിടുബി നെറ്റ്വർക്കിംഗിനുമായി സംരംഭക ലോകത്ത് വ്യക്തിമുദ്ര പതിപ്പിച്ച നേതാക്കളുടെ സംഗമം കൂടിയായിരിക്കും ആർ.എം.ബി കൊച്ചിൻ ചാപ്ടർ കൺവെൻഷനെന്ന് സംഘാടകർ വ്യക്തമാക്കി. രജിസ്ട്രേഷനും മറ്റ് വിവരങ്ങൾക്കും 919946440293 എന്ന നമ്പറിൽ ബന്ധപ്പെടണമെന്നും സംഘാടർ അറിയിച്ചു.

# ഐബിഎമ്മിനൊപ്പം പിജി; ഗ്ലോബൽ എൻട്രൻസ് ടെസ്റ്റിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ഇന്റർനാഷണൽ ബിസിനസ് മെഷീൻസ് കോർപ്പറേഷൻ (ഐബിഎം) ഇന്ത്യയിലെ മുൻനിര സർവകലാശാലകളുമായി സഹകരിച്ച് നടത്തുന്ന ബിരുദാനന്തര പ്രോഗ്രാമുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. എം.ബി.എ, എം.സി.എ, എം.എസ് സി തുടങ്ങിയ കോഴ്സുകളിലേക്കുള്ള പ്രവേശനം ഗ്ലോബൽ എൻട്രൻസ് ടെസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കും. ഡിസംബർ 14ന് ഓൺലൈനായി നടക്കുന്ന പ്രവേശന പരീക്ഷയ്ക്ക് നവംബർ 14 വരെ അപേക്ഷ സമർപ്പിക്കാം. ഇന്ത്യയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗീകൃത യൂണിവേഴ്സിറ്റികളിൽ ആണ് കോഴ്സുകൾ ലഭ്യമാവുക.

നിർമ്മിത ബുദ്ധിയുടെ (എഐ) കാലഘട്ടത്തിനനുസരിച്ച് വിദ്യാർത്ഥികളെ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ ഐബിഎം നേരിട്ട് രൂപകൽപ്പന ചെയ്ത 'ക്യുസ്ക്വയേഡ് ' ($Q^2D$) പാഠ്യപദ്ധതിയാണ് കോഴ്സുകളുടെ പ്രധാന ആകർഷണം. ഇൻഡസ്ട്രിക്ക് ആവശ്യമായ സാങ്കേതിക പരിജ്ഞാനം നൽകുന്നതിനൊപ്പം ഐബിഎമ്മിന്റെ ലൈവ് പ്രോജക്റ്റുകൾ, ഇന്നവേഷൻ ലാബുകൾ, ബൂട്ട് ക്യാമ്പുകൾ, കരിയർ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ എന്നിവയിലും വിദ്യാർത്ഥികൾക്ക് പങ്കാളികളാകാൻ അവസരമുണ്ടാകുമെന്ന് ഐബിഎം അക്കാദമിക് റിലേഷൻഷിപ്പ് ഹെഡ് ഹരി രാമസുബ്രഹ്മണ്യൻ വ്യക്തമാക്കി. കൂടുതൽ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനുമായി https://www.ibmiceq2d.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# വാർഷിക വിൽപന: റെക്കോർഡുമായി സ്കോഡ




**കൊച്ചി:** ഇന്ത്യയിലെ വാർഷിക വിൽപനയിൽ പുതിയ റെക്കോർഡ് കുറിച്ച് സ്കോഡ ഓട്ടോ ഇന്ത്യ. ഇന്ത്യയിൽ 25ാം വാർഷികം ആഘോഷിക്കുന്ന സ്കോഡ ജനുവരി മുതൽ ഒക്ടോബർ വരെ 61,607 യൂണിറ്റ് വാഹനങ്ങളാണ് വിറ്റത്. 2022ലെ മുൻകാല വാർഷിക റെക്കോർഡാണ് മറികടന്നത്. ഒക്ടോബറിൽ 8,252 കാറുകൾ വിറ്റഴിച്ചുകൊണ്ട് എക്കാലത്തെയും ഉയർന്ന പ്രതിമാസ വിൽപ്പന എന്ന റെക്കോർഡും സ്കോഡ സ്വന്തമാക്കി.

സ്കോഡയുടെ ഇന്ത്യൻ ചരിത്രത്തിൽ ഏറ്റവും കൂടുതൽ കാറുകൾ വിറ്റ മാസമാണിത്. സ്കോഡയുടെ പുതിയ എസ്യുവിയായ കൈലാക്കിനുള്ള ശക്തമായ ഡിമാൻഡാണ് ഈ റെക്കോർഡ് വിൽപ്പനയ്ക്ക് കാരണമായത്. കമ്പനിയുടെ ആദ്യത്തെ സബ് 4 മീറ്ററിൽ താഴെയുള്ള എസ്യുവിയാണിത്. സ്കോഡയുടെ ആഡംബര എസ്യുവിയായ കൊഡിയാക്കിന്റെയും കുഷാഖ്, സ്ലാവിയ എന്നി മോഡലുകളുടെ മികച്ച പ്രകടനവും വിൽപന വർദ്ധിക്കാൻ കാരണമായി. പുറത്തിറങ്ങി വെറും 20 മിനിറ്റിനുള്ളിൽ ഒക്ടാവിയ ആർഎസും വിറ്റഴിഞ്ഞിരുന്നുവെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി

# ഇൻവെസ്റ്റ് കേരളാ ഉച്ചകോടി: 36,000 കോടിയുടെ നിക്ഷേപം, 50,000 തൊഴിലവസരം: മന്ത്രി പി. രാജീവ്




**കൊച്ചി:** കേരളത്തിന്റെ വ്യവസായ ചരിത്രത്തിലെ നിർണ്ണായക വഴിത്തിരിവായി ഫെബ്രുവരിയിൽ നടന്ന ഇൻവെസ്റ്റ് കേരളാ ഗ്ലോബൽ ഉച്ചകോടി. ഉച്ചകോടിയെത്തുടർന്ന് സംസ്ഥാനത്തേക്ക് 100 പദ്ധതികളിലായി 36,000 കോടി രൂപയുടെ നിക്ഷേപം എത്തിയെന്ന് മന്ത്രി പി. രാജീവ്. ആലുവ ചുണങ്ങൻവേലിക്കടുത്ത്, ഇൻവെസ്റ്റ് കേരളാ ഉച്ചകോടിയിലൂടെ വന്ന നൂറാമത്തെ പദ്ധതിയായ എൻഡിആർ സ്പേസ് പ്രൈവറ്റ് ലിമിറ്റഡിന്റെ വെയർഹൗസിങ് ആൻഡ് ലോജിസ്റ്റിക്സ് ശൃംഖലക്ക് തറക്കല്ലിട്ടുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി. ഈ നിക്ഷേപങ്ങളിലൂടെ 50,000ഓളം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായെന്നും മന്ത്രി കൂട്ടിച്ചേർത്തു.

നിക്ഷേപ നിർദേശങ്ങൾ പദ്ധതികളാക്കി മാറ്റുന്നതിൽ (Conversion Rate) കേരളം മറ്റ് സംസ്ഥാനങ്ങളെക്കാൾ വളരെ മുന്നിലാണെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. മറ്റ് സംസ്ഥാനങ്ങളിൽ ഇത് 14-15 ശതമാനമാണ്. എന്നാൽ, കേരളത്തിൽ നിക്ഷേപ നിർദേശങ്ങൾ യാഥാർഥ്യമാകുന്നതിന്റെ നിരക്ക് 24 ശതമാനമാണെന്നും മന്ത്രി പറഞ്ഞു. 250 കോടി രൂപ മുതൽ മുടക്കിൽ എൻ.ഡി.ആർ സ്പേസ് പ്രൈവറ്റ് ലിമിറ്റഡ് സ്ഥാപിക്കുന്ന എ-ഗ്രേഡ് വെയർഹൗസിങ് ആൻഡ് ലോജിസ്റ്റിക്സിന്റെ ശിലസ്ഥാപനമാണ് മന്ത്രി നടത്തിയത്.16 ഏക്കറിലായി വ്യാപിച്ച് കിടക്കുന്ന ഈ പദ്ധതി പൂർത്തിയാകുന്നതോടെ എഫ്.എം.സി.ജി, ഫാർമസ്യൂട്ടിക്കൽസ്, ഇ-കൊമേഴ്സ്, തേഡ് പാർട്ടി ലോജിസ്റ്റിക്സ് മേഖലകൾക്ക് അത്യാധുനിക സേവനം ലഭിക്കും. കൂടാതെ 300 പേർക്ക് ഇവിടെ നേരിട്ടും അല്ലാതെയും തൊഴിൽ ലഭിക്കുമെന്നും പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തിന്റെ ലോജിസ്റ്റിക്സ് വികസനത്തിനും നവീകരണത്തിനും ഈ പദ്ധതി വലിയ പിന്തുണ നൽകുമെന്ന് എൻഡിആർ സ്പേസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ രാജ് ശ്രീനിവാസൻ പറഞ്ഞു. ഈ പദ്ധതി മേഖലയിലെ വ്യാവസായിക പ്രവർത്തനങ്ങൾക്കും വിതരണ ശൃംഖലയുടെ കാര്യക്ഷമതയ്ക്കും കാര്യമായ സംഭാവന നൽകും.

ലോകോത്തര നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ കെട്ടിപ്പടുക്കാനുള്ള കേരളത്തിന്റെ കാഴ്ചപ്പാടിന് ഈ സംരംഭം കരുത്ത് പകരും. 2026 മാർച്ചോടെ പദ്ധതി കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിടുന്നതെന്നും രാജ് ശ്രീനിവാസൻ വ്യക്തമാക്കി. സുസ്ഥിര രൂപകൽപ്പനയ്ക്ക് പ്രാധാന്യം നൽകി എഡ്ജ് സർട്ടിഫിക്കേഷൻ നേടുന്ന ഈ കേന്ദ്രത്തിൽ കാര്യക്ഷമമായ സ്റ്റോക്ക് മാനേജ്മെന്റിനായി സെമിഓട്ടോമേറ്റഡ്, ഫുള്ളി ഓട്ടോമേറ്റഡ് സംവിധാനങ്ങൾ സജ്ജീകരിക്കും. ആലുവ എം.എൽ.എ അൻവർ സാദത്ത്, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ്, പഞ്ചായത്ത് പ്രസിഡന്റ് സതി ലാലു, വാർഡ് കൗൺസിലർ സാജു മത്തായി, എൻ.ഡി.ആർ സ്പേസ് ബിസിനസ് ഹെഡ് എൻ. ശ്രീനിവാസൻ ഏരിയ മാനേജർ കേരള, എൻഡിആർ സ്പേസ് പ്രൈവറ്റ് ലിമിറ്റഡ്, തോമസ് ടി. പൊട്ടംകുളം എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

# വികസിത ഭാരതം നേടാനാകുന്ന ലക്ഷ്യം

**കൊച്ചി:** വികസിത ഭാരതം എന്ന പ്രധാനമന്ത്രി നരേന്ദ്രമോദി മുന്നോട്ട് വയ്ക്കുന്ന ലക്ഷ്യം ഒരു സ്വപ്നമല്ല, കൈയിലൊതുങ്ങുന്ന, നടപ്പാകാവുന്ന ഒരു ലക്ഷ്യം തന്നെയാണെന്ന് ബി.എസ്.ഇ എം.ഡിയും സി.ഇ.ഒയുമായ സുന്ദരരാമൻ രാമമൂർത്തി. ധനം ബിസിനസ് മീഡിയയുടെ ആഭിമുഖ്യത്തിൽ നടന്ന എട്ടാമത് ബിഎഫ്എസ്ഐ സമ്മിറ്റ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ജനസംഖ്യ, നഗരവൽക്കരണം, അഭിലാഷം എന്നീ മൂന്ന് കാര്യങ്ങളാണ് ഇന്ത്യയുടെ കുതിപ്പിന് കരുത്ത് പകരുന്നത്. ഇന്ത്യൻ യുവത്വത്തിന്റെ ശരാശരി പ്രായം 28 ആണ്.




നഗരവൽക്കരണം ആണ് അടുത്ത മുന്നേറ്റം. 2050 ഓടെ ജനസംഖ്യയുടെ 50 ശതമാനം ആളുകൾ നഗര സ്വഭാവമുള്ള (അർബനൈസ്ഡ് ) സ്ഥലങ്ങളിലാകും താമസിക്കുക, ഇത് വളർച്ചയെ സ്വാധീനിക്കും. നമ്മുടെ ജനസംഖ്യയുടെ 60 ശതമാനവും മധ്യവർഗമാണ്. മധ്യവർഗത്തിന്റെ അടിസ്ഥാന സ്വഭാവം മെച്ചപ്പെട്ട ജീവിതത്തിലേക്കുള്ള അഭിവാഞ്ജയാണ്. എല്ലാം വേണമെന്ന മധ്യവർഗത്തിന്റെ ആഗ്രഹം വളർച്ചയെ സ്വാധീനിക്കുമെന്നും അദ്ദേഹം പറഞ്ഞു. രാജ്യത്തിന്റെ വളർച്ചയിൽ നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനികളുടെ പങ്ക് ശ്രദ്ധേയമാണെന്ന് മുഖ്യപ്രഭാഷണം നടത്തിയ മണപ്പുറം ഫിനാൻസ് എംഡി വി.പി നന്ദകുമാർ പറഞ്ഞു.

ഉപയോക്താക്കളുടെ പെട്ടെന്നുള്ള സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റാൻ എൻബിഎഫ്സികൾക്ക് വേഗത്തിൽ സാധിക്കുന്നു. ടെക്നോളജിയുടെ വളർച്ച ഈ മേഖലയ്ക്ക് വലിയ സാധ്യതകളാണ് സമ്മാനിക്കുന്നത്. ഗോൾഡ് ലോണിൽ ബാങ്കുകളേക്കാൾ കൂടുതൽ സാന്നിധ്യം അറിയിക്കാൻ എൻബിഎഫ്സികൾക്ക് സാധിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ മുൻ ഡെപ്യൂട്ടി ഗവർണർ രാജേശ്വർ റാവു മുഖ്യാതിഥിയായിരുന്നു.ബിൽ ഡസ്ക് സഹ സ്ഥാപകൻ എം.എൻ ശ്രീനിവാസു സംസാരിച്ചു. ബാങ്കിംഗ്, ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങൾ, ഇൻഷുറൻസ് എന്നീ രംഗങ്ങളിൽ മികവുറ്റ നേട്ടം കൊയ്തവരെ ബിഎഫ്എസ്ഐ സമ്മിറ്റ് ആൻഡ് അവാർഡ് നൈറ്റിൽ ആദരിച്ചു.

# ഹരിത തീരദേശ ഷിപ്പിംഗ് വികസനം; യൂണിഫീഡറും സാഗർമലയും ധാരണയിൽ




**കൊച്ചി:** ഡിപി വേൾഡ് കമ്പനിയായ യൂണിഫീഡർ, ഇന്ത്യയിലുടനീളം വാണിജ്യപരമായി സുസ്ഥിരമായ തീരദേശ, ഹ്രസ്വദൂര ഷിപ്പിംഗ് സേവനങ്ങൾ വികസിപ്പിക്കുന്നതിലും വ്യാപിപ്പിക്കുന്നതിലും സഹകരിക്കുന്നതിനായി തുറമുഖ, ഷിപ്പിംഗ്, ജലപാത മന്ത്രാലയത്തിന് കീഴിലുള്ള ഭാരത സർക്കാർ സ്ഥാപനമായ സാഗർമാല ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചു. സ്വകാര്യ മേഖലയിലെ പ്രവർത്തന വൈദഗ്ധ്യവുമായി പൊതുമേഖലാ ധനസഹായം സംയോജിപ്പിച്ച്, ഹരിതവും കൂടുതൽ കാര്യക്ഷമവുമായ തീരദേശ ലോജിസ്റ്റിക്സ് ശക്തിപ്പെടുത്താനും ഇന്ത്യയുടെ സമുദ്രവ്യാപാര രംഗത്തെ പരിവർത്തനം ത്വരിതപ്പെടുത്താനും ലക്ഷ്യമിടുന്നതാണ് ഈ പങ്കാളിത്തം.

റോഡുകളിലെ തിരക്ക് കുറയ്ക്കുക, ലോജിസ്റ്റിക്സ് ചെലവ് കുറയ്ക്കുക, ഗതാഗതം ഡീകാർബണൈസ് ചെയ്യുക തുടങ്ങിയവ സാധ്യമാക്കുന്ന തീരദേശ ഷിപ്പിംഗ് ഇടനാഴികൾ രൂപകൽപ്പന ചെയ്യുന്നതിനും ധനസഹായം നൽകുന്നതിനുമുള്ള സംയുക്ത നടപടിക്കുള്ള ഒരു ചട്ടക്കൂടിന് ഈ ധാരണാപത്രത്തിലൂടെ രൂപമായി. കുറഞ്ഞ ചെലവിൽ ധനസഹായവും ക്രെഡിറ്റ് എൻഹാൻസ്മെന്റ് സംവിധാനങ്ങളും രൂപപ്പെടുത്തുന്നതിനായി എസ്.എം.എഫ്.സി.എൽ അതിന്റെ മാരിടൈം ഡെവലപ്മെന്റ് ഫണ്ട് ഉപയോഗിക്കും. അതേസമയം യൂണിഫീഡർ അതിന്റെ പ്രവർത്തന വൈദഗ്ദ്ധ്യം, മൾട്ടിമോഡൽ ഇൻഫ്രാസ്ട്രക്ചർ, ഡിജിറ്റൽ മികവ് എന്നിവ ഇതിനായി സംഭാവന ചെയ്യും. മുംബൈയിൽ നടന്ന ഇന്ത്യ മാരിടൈം വീക്ക് 2025 ന്റെ ഭാഗമായി, മറൈൻ സർവീസസ് ഡിപി വേൾഡിന്റെ ഗ്ലോബൽ സിഇഒ ഗണേഷ് രാജ്, സാഗർമാല ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് ഡയറക്ടർ (പ്രോജക്ട്സ്), എസ്. ടി. സെൽവം എന്നിവർ തമ്മിൽ ധാരണാപത്രം കൈമാറി.

പ്രാരംഭ ഘട്ടത്തിൽ, യൂണിഫീഡറും എസ്എംഎഫ്സിഎല്ലും സംയുക്തമായി പ്രവർത്തന മികവ്, ഷിപ്പിംഗ് ഇടനാഴികൾ, ഡി.എഫ്.സി സംയോജനം എന്നിവയിലുടനീളമുള്ള ഉപയോഗ മാതൃകകളെ വിലയിരുത്തുകയും മുന്നോട്ടുകൊണ്ടുപോകുകയും ചെയ്യും. റോഡിൽ നിന്ന് കടലിലേക്ക് ചരക്ക് മാറ്റുന്നതും, കാർബൺ ബഹിർഗമനം കുറയ്ക്കുന്നതും, ഇന്ത്യയുടെ വിതരണ ശൃംഖലകളിലുടനീളം മൾട്ടിമോഡൽ കണക്റ്റിവിറ്റി മെച്ചപ്പെടുത്തുന്നതുമായ, വാണിജ്യപരമായി ലാഭകരവും വിപുലീകരിക്കാവുന്നതുമായ, ഒരു മാതൃക സൃഷ്ടിക്കുക എന്നതാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം.

# ബിയു4 ഓട്ടോ തിരുവനന്തപുരത്ത് ; ഷോറും ഉദ്ഘാടനം ചെയ്തു

**തിരുവനന്തപുരം:** ഗുജറാത്തിൽ സ്ഥാപിതമായ ഇലക്ട്രിക് ടൂവീലർ ബ്രാൻഡായ ബിയു4 ഓട്ടോ തിരുവനന്തപുരത്ത് തുടങ്ങി. ബാൻഡിന്റെ എക്സ്ക്ലൂസീവ് ഷോറൂം ജില്ലയിലെ ഔദ്യോഗിക ഡീലറായ നന്ദവനം മോട്ടോഴ്സ് മാനേജിംഗ് ഡയറക്ടർ ബിനു രാഘവൻ ഉദ്ഘാടനം ചെയ്തു. ഷൈൻ, സ്റ്റാർ, ഡോഡോ എന്നി മൂന്ന് ലോ സ്പീഡ് മോഡലുകളും ഹൈസ്പീഡ് മോഡലായ ഫീനിക്സുമാണ് വിപണിയിൽ അവതരിപ്പിച്ചിരിക്കുന്നത്.



പുതിയ ബൈക്കുകളും മോപെഡുകളും അടുത്ത ജനുവരിയിൽ വിപണിയിൽ എത്തിക്കാനുള്ള തയ്യാറെടുപ്പിലാണ് കമ്പനി. 2026ഓടെ ഹൈപെർഫോർമൻസ് സൂപ്പർ ബൈക്കുകൾ അവതരിപ്പിക്കാനുള്ള പദ്ധതിയും കമ്പനി ആസൂത്രണം ചെയ്യുന്നുണ്ട്. സ്റ്റാർ, ഷൈൻ എന്നിവയാണ് ജനപ്രിയ മോഡലുകൾ. എല്ലാ മോഡലുകളും 4 മുതൽ 6 മണിക്കൂറിനുള്ളിൽ പൂർണമായി ചാർജ് ചെയ്യാവുന്നതും ഒറ്റ ചാർജിൽ 90 മുതൽ 120 കിലോമീറ്റർ വരെ സഞ്ചരിക്കാൻ കഴിയുന്നതുമാണ്. ലോ സ്പീഡ് വകഭേദങ്ങളിൽ 250 വാട്ട് മോട്ടർ ഉൾപ്പെടുത്തിയിട്ടുണ്ട്, ഹൈ സ്പീഡ് മോഡലായ ഫീനിക്സിൽ 1500 വാട്ട് മോട്ടറാണുള്ളത്.

ഫീനിക്സ് മോഡലിൽ ട്രാക്കിംഗ്, ജിയോഫെൻസിംഗ്, മൊബൈൽ ആപ്പ് നിയന്ത്രണം തുടങ്ങിയ സാങ്കേതിക സൗകര്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. 65,000 മുതൽ 1.1 ലക്ഷം വരെയാണ് എക്സ്ഷോറൂം വില.രാജ്യത്തെ 10 സംസ്ഥാനങ്ങളിലായി 45ൽ അധികം ഡീലർഷിപ്പുകളാണ് കമ്പനിക്കുള്ളത്. നന്ദവനം മോട്ടോഴ്സുമായുള്ള കൂട്ടുകെട്ട് ബിയു4ന്റെ ദക്ഷിണേന്ത്യൻ വിപണിക്ക് കരുത്തേകുമെന്ന് ബിയു4 ഓട്ടോ സ്ഥാപകനായ ഉർവിഷ് ഷാ പറഞ്ഞു.

# വരുമാനവർധനവ് നേടി ടി.സി.ഐ

TCI
LEADERS IN LOGISTICS

**കൊച്ചി:** രാജ്യത്തെ മുൻനിര ഇന്റഗ്രേറ്റഡ് മൾട്ടിമോഡൽ ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ സേവനദാതാക്കളായ ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഓഫ് ഇന്ത്യ (ടി.സി.ഐ) തങ്ങളുടെ നടപ്പ് സാമ്പത്തിക വർഷത്തിലെ രണ്ടാം പാദ സാമ്പത്തിക ഫലങ്ങൾ പുറത്തുവിട്ടു. 12174 മില്യൺ വരുമാനമാണ് ഈ പാദത്തിൽ ടി.സി.ഐ രേഖപ്പെടുത്തിയിരിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ഇതേ പാദ ഫലത്തേക്കാൾ 8 ശതമാനത്തിന്റെ വർധനവാണിത്. ഈ സാമ്പത്തിക വർഷത്തിലെ രണ്ടാം പാദത്തിലും മികച്ച പ്രകടനം തുടരുവാൻ സാധിച്ചതിൽ ഏറെ ആഹ്ലാദമുന്നെ ടിസിഐ മാനനേജിംഗ് ഡയറക്ടർ വിനീത് അഗർവാൾ പറഞ്ഞു. ഓട്ടോ, എഫ്.എം.സി.ജി, കൺസ്യൂമർ ഡ്യൂറബിൾസ് എന്നിവയിലുടനീളമുള്ള ശക്തമായ ഡിമാന്റ് ഇതിന് പ്രധാന ഘടകമായി. എല്ലാ വിഭാഗങ്ങളിലും മികച്ച പ്രകടനമാണ് കാഴ്ച്ച വെച്ചിരിക്കുന്നതെന്നും വിനീത് അഗർവാൾ പറഞ്ഞു. ജി.എസ്.ടി 2.0 എത്തിയതോടെ തടസ്സങ്ങളില്ലാത്ത ലോജിസ്റ്റ്ക്സ് ഓപ്പറേഷനുകൾ സാധ്യമാകുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വെയർഹൗസിംഗിലും, ഓട്ടോമേഷനിലും സ്മാർട്ട് മൾട്ടി മോഡൽ അസറ്റുകളിലുമുള്ള നിക്ഷേപം തുടരുന്നതിനൊപ്പം തങ്ങളുടെ ഗ്രീൻ ഫ്ലീറ്റ് നിക്ഷേപവും വർധിപ്പിക്കുമെന്നും വിനീത് അഗർവാൾ വ്യക്തമാക്കി.

# മേക് മൈട്രിപ്പിന്റെ 'ട്രാവൽ കാ മുഹൂർത്തം' വിജയകരം

make my trip

**കൊച്ചി:** മേക്മൈട്രിപ്പിന്റെ ആദ്യത്തെ ആറ് ദിവസത്തെ 'ട്രാവൽ കാ മുഹൂർത്തം' സെയിൽസ് വൻ വിജയമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ഇന്ത്യയുടെ യാത്രാ ശീലങ്ങളിലെ മാറ്റങ്ങളാണ് സെയിൽസിലൂടെ പ്രകടമായത്. അഡ്വാൻസ്ഡ് ഫ്ളൈറ്റ് ബുക്കിംഗുകളിലെ വർദ്ധനവ്, കൂടുതൽ ഡെസ്റ്റിനേഷനുകളിലേക്കുള്ള യാത്ര, കൂടാതെ പ്രീമിയം താമസസ്ഥലങ്ങളോടുള്ള താൽപ്പര്യം എന്നിവ യാണ് പ്രധാനമായും ചൂികാണിക്കപ്പെട്ടത്. 1,441 ഇന്ത്യൻ നഗരങ്ങളിലും 834 ആഗോള നഗരങ്ങളിലും താമസസൗകര്യങ്ങൾ ബുക്ക് ചെയ്തു. ആഭ്യന്തര താമസ ബുക്കിംഗുകളിൽ മൂന്നിലൊന്നും അന്താരാഷ്ട്ര ബുക്കിംഗുകളിൽ 64.5% വും ഫോർ സ്റ്റാർ, ഫൈവ് സ്റ്റാർ താമസ സൗകര്യമാണ് ബുക്ക് ചെയ്തിരിക്കുന്നത്. പ്രീമിയം തിരഞ്ഞെടുപ്പുകൾക്കിടയിലും, ആഭ്യന്തര ഹോട്ടൽ ബുക്ക് ചെയ്തവരിൽ 96% പേരും ഡിസ്കൗുകളും ഓഫറുകളും ഉപയോഗിച്ചുകൊണ്ട് യാത്രക്കാർ ചെലവുകൾ കുറയ്ക്കാൻ നോക്കി എന്നതും ശ്രദ്ധേയമാണ്.

# ബെർജർ പെയിന്റ്സിന് 2,827.5 കോടി രൂപയുടെ വരുമാനം

**കൊച്ചി:** ബെർജർ പെയിന്റ്സ് ഇന്ത്യ ലിമിറ്റഡ് 2025 സെപ്റ്റംബർ 30ന് അവസാനിച്ച പാദത്തിൽ 2,827.5 കോടി രൂപയുടെ വരുമാനം രേഖപ്പെടുത്തി, കഴിഞ്ഞ വർഷത്തേക്കാൾ 1.9% വർധനവ് രേഖപ്പെടുത്തിയെങ്കിലും ലാഭം 23.5% കുറഞ്ഞ് 206.4 കോടി രൂപയായി. അർധവാർഷികമായി കമ്പനി 6,028.3 കോടി രൂപയുടെ വരുമാനം നേടി (2.8% വളർച്ച), എന്നാൽ മൊത്ത ലാഭം 16.4% കുറഞ്ഞ് 521.4 കോടിയായി.

വർഷകാലം നീണ്ടതും ചില ഉൽപ്പന്ന വിഭാഗങ്ങളിലെ ആവശ്യകുറവും ലാഭത്തെ ബാധിച്ചതായും, എന്നാൽ വാട്ടർപ്രൂഫിംഗ്, വുഡ് കോട്ടിംഗുകൾ, കൺസ്ട്രക്ഷൻ കെമിക്കൽസ് എന്നിവയിൽ സ്ഥിരമായ വളർച്ച കൈവരിച്ചതായും ബെർജർ പെയിന്റ്സ് ഇന്ത്യ ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറും സിഇഒയുമായ അഭിജിത് റോയ് പറഞ്ഞു.

# ബിസിനസ് എക്സലൻസി അവാർഡ് സമ്മാനിച്ചു



**കൊച്ചി:** വ്യവസായ നേതൃത്വ മികവ് തെളിയിച്ച വ്യക്തികൾക്കുള്ള മണപ്പുറം യുണീക്ക് ടൈംസ് ബിസിനസ് എക്സലൻസി അവാർഡുകൾ സമ്മാനിച്ചു. എക്സലൻസ് ഇൻ ബിസിനസ് വിഷൻ ആൻഡ് എക്സ്പാൻഷൻ അവാർഡിന് ജോസ് ആലുക്കാസ് മാനേജിംഗ് ഡയറക്ടർ ജോൺ ആലുക്കാസും എക്സലൻസ് ഇൻ ഫിനാൻഷ്യൽ ലീഡർഷിപ്പ് അവാർഡിന് വർമ ആൻഡ് വർമ സീനിയർ പാർട്ണർ സി.എ. വിവേക് കൃഷ്ണ ഗോവിന്ദുമാണ് അർഹരായത്.

മണപ്പുറം ഫിനാൻസ് ലിമിറ്റഡ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ വി.പി നന്ദകുമാറും, പെഗാസസ് ഗ്ലോബൽ പ്രൈവറ്റ് ലിമിറ്റഡ് ചെയർമാൻ ഡോ. അജിത് രവിയും ചേർന്ന് അവാർഡുകൾ സമ്മാനിച്ചു.

ദീർഘദർശിത്വം, ഇച്ഛാശക്തി, സർഗ്ഗാത്മകത എന്നിവയിലൂടെ മികവ് തെളിയിച്ചവരാണ് ഇരുവരുമെന്ന് വി.വി. നന്ദകുമാർ പറഞ്ഞു. പെഗാസസ് ഗ്ലോബൽ പ്രൈവറ്റ് ലിമിറ്റഡിന്റെ നേതൃത്വത്തിൽ എറണാകുളം ഗോകുലം കൺവെൻഷൻ സെന്ററിൽ സംഘടിപ്പിച്ച ചടങ്ങിൽ വ്യവസായ സംരംഭകരടക്കമുള്ള പ്രമുഖർ പങ്കെടുത്തു.

## സാങ്കേതിക മേഖലയിൽ ഇന്റേൺഷിപ്പ് അവസരം

# അസാപ് കേരള കെടിയുവുമായി കൈകോർക്കുന്നു

### അസാപ്പ് കേരളയുടെ കരിയർലിങ്ക് പോർട്ടൽ വഴി രജിസ്റ്റർ ചെയ്യാം.

**തിരുവനന്തപുരം:** സാങ്കേതിക വിദ്യാഭ്യാസ തിരുവനന്തപുരം: സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ ഇന്റേൺഷിപ് അവസരങ്ങളുടെ ഒരു പുതു ലോകം തുറന്നുകൊണ്ട് അഡീഷണൽ സ്കിൽ അകിസിഷൻ പ്രോഗ്രാം (ASAP) കേരള, എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവകലാശാലയുമായി(ഗഠഡ) കൈകോർക്കുന്നു.

അക്കാദമിക് ലോകവും അതിവേഗം മാറിക്കൊണ്ടിരിക്കുന്ന വ്യവസായ മേഖലയും തമ്മിലുള്ള അന്തരം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ സംയുക്ത ഇന്റേൺഷിപ്പ് പദ്ധതിക്ക് രൂപം നൽകിയിരിക്കുന്നത്. വിവിധ സാങ്കേതിക മേഖലകളിലെ വിദ്യാർത്ഥികൾക്ക് ഇനി പഠനത്തിനപ്പുറം യഥാർത്ഥ പ്രൊജക്റ്റുകളിലും പ്രൊഫഷണൽ തൊഴിൽ അന്തരീക്ഷത്തിലും നേരിട്ടുള്ള പ്രായോഗിക പരിശീലനം നേടാൻ ഈ പദ്ധതി അവസരം ഒരുക്കുന്നു.

രാജ്യത്തെ പ്രമുഖ പൊതുസ്വകാര്യ സ്ഥാപനങ്ങൾ, നൂതന സ്റ്റാർട്ടപ്പുകൾ, കോർ ടെക്നോളജി വ്യവസായങ്ങൾ ന്നിവയുമായി സഹകരിച്ചാണ് ഈ ഇന്റേൺഷിപ്പുകൾ സംഘടിപ്പിക്കുന്നത്. നാല് മുതൽ ആറ് മാസം വരെ ദൈർഘ്യമുള്ള ഇന്റേൺഷിപ്പുകളാണ് അക്കാദമിക് പാഠ്യപദ്ധതിയുടെ ഭാഗമായി അന്തിമ വർഷ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നത്. ഈ പ്രായോഗിക പരിശീലനം വിദ്യാർത്ഥികളുടെ സാങ്കേതിക വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കാനും, ഉയർന്ന തൊഴിൽ സാധ്യത ഉറപ്പിക്കാനും, വ്യവസായ ലോകത്തെ കൂടുതൽ മനസ്സിലാക്കാനും സഹായിക്കുന്നു. ഭാവിയിലെ തൊഴിൽ വിപണിക്ക് അനുയോജ്യമായ രീതിയിൽ വിദ്യാർത്ഥികളെ രൂപപ്പെടുത്താൻ ഈ പദ്ധതി പ്രതിജ്ഞാബദ്ധമാണ്.

ഇന്റേൺഷിപ്പ് അവസരങ്ങൾക്കായി വിദ്യാർത്ഥികൾക്ക് രജിസ്ട്രേഷൻ സമയത്ത് ഒരു നിശ്ചിത ഫീസ് അടച്ച് അപേക്ഷിക്കാവുന്നതാണ്. അസാപ്പ് കേരളയുടെ കരിയർ ലിങ്ക് പോർട്ടൽ വഴി വിദ്യാർത്ഥികൾക്കും സ്ഥാപനങ്ങൾക്കും ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാം. കേരളത്തിലെ യുവ എഞ്ചിനീയർമാർക്ക് അവരുടെ കരിയർ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാനുള്ള മികച്ച വേദിയാണ് ഈ സംയുക്ത സംരംഭം തുറന്നു നൽകുന്നത്. രജിസ്ട്രേഷൻ ലിങ്ക്: https://careerlink.asap-kerala.gov.in/.







RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com